**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1013** **09-10-2024 - ൽ മറുപടിയ്ക്ക്**

**കൊങ്ങാട് മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ ഭാഗമായ റെസ്റ്റോറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായിട്ടുള്ള റെസ്റ്റോറേഷൻ തുക ഒടുക്കുന്നതുമായി ബന്ധപ്പെട്ട് കൊങ്ങാട് മണ്ഡലത്തിൽ നിന്നും എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണത്തിന് റെസ്റ്റോറേഷൻ ചാർജ്ജ് അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി റെസ്റ്റോറേഷൻ തുക ഒടുക്കുന്നതുമായി ബന്ധപ്പെട്ട് കൊങ്ങാട് മണ്ഡലത്തിൽ നിന്നും 47 പ്രൊപ്പോസലുകൾ ലഭിക്കുകയും അതിൽ 41 എണ്ണത്തിന് റെസ്റ്റോറേഷൻ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യതക്തമാക്കുമോ; | (ബി) | ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് റോഡ് റെസ്റ്റോറേഷൻ തുക അടക്കുന്നത്. |
| (സി) | റെസ്റ്റോറേഷൻ തുക അടയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | കേരള വാട്ടർ അതോറിറ്റിയുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഡിമാന്റ് നോട്ട് ലഭിക്കുന്ന മുറയ്ക്ക് അതാത് വകുപ്പുകളിലേക്ക് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തുക അടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ